പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2785 — 20/03/2015 ൽ മറുപടിയ്ക്ക്

## വസ്തു പോക്കുവരവ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) രജിസ്റ്റർ ചെയ്ത വസ്തു പോക്കുവരവ് ചെയ്യുന്നതിന് ഒരു മാസ കാലാവധി വേണമെന്ന നിർദ്ദേശം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | 21/01/2015 ലെ 19561/ഇ3/14/റവന്യൂ നമ്പർ സർക്കുലർ പ്രകാരം പോക്കുവരവ് ചെയ്യുന്നതിന് ഒരു മാസക്കാലാവധി വേണമെന്ന വ്യവസ്ഥ റദ്ദാക്കി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) രജിസ്റ്റർ ചെയ്ത വസ്തു രജിസ്റ്റർ ചെയ്ത ദിവസം തന്നെ പോക്കുവരവ് ചെയ്തു നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) പോക്കുവരവ് ചെയ്തു നൽകുന്നതിന് റവന്യൂ അധികൃതർക്ക് മതിയായ പരിശോധന നടത്തുന്നതിന് പുതുക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കഴിയുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) & (ഡി) | പോക്കുവരവ് അപേക്ഷ പരിഗണിക്കുന്നതിന് അപ്പീൽ കാലാവധിയായി പറഞ്ഞിരിക്കുന്ന ഒരു മാസ കാലാവധി മാത്രമാണ് പുതുക്കിയ സർക്കുലർ പ്രകാരം റദ്ദ് ചെയ്തിട്ടുള്ളത്. മറ്റ് നടപടികൾ നാളിതുവരെ അനുവർത്തിച്ച് വന്ന രീതിയിൽ 1966 ലെ പോക്കുവരവ് ചട്ടപ്രകാരവും വില്ലേജ് ഓഫീസ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരവുമാണ് സ്വീകരിക്കുന്നത്. |
| (ഡി) പുതുക്കിയ ഉത്തരവ് പ്രകാരം പോക്കുവരവ് സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും ഏത് രീതിയിൽ പരിഹരിയ്ക്കാനാണ് തീരുമാനിച്ചിട്ടുള്ളത്? | | |

സെക്ഷൻ ഓഫീസർ